**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3141** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകൾ തുറക്കുന്നതിനുള്ള ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് വീണ്ടും സ്കൂളിൽ അദ്ധ്യയനം ആരംഭിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുള്ളത്; | (എ) | ആദ്യ ഘട്ടത്തിൽ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളും പത്ത് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളും തുടർന്ന് നവംബർ 15 മുതൽ 8,9 ക്ലാസ്സുകളും ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | പതിനെട്ട് വയസ്സിന് താഴെയുള്ളവർക്ക് കോവിഡ് വാക്സിനേഷൻ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെറിയ കുട്ടികൾ ഉൾപ്പെടെയുള്ളവർ സ്കൂളുകളിൽ വന്ന് ക്ലാസ്സുകളിൽ പങ്കെടുക്കുമ്പോൾ കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുന്നതിനായി സർക്കാർ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | കോവിഡ് മാനദണ്ഡ പ്രകാരമുള്ള സാമൂഹ്യ അകലം സ്കൂളുകളിൽ പാലിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകുന്ന വിധത്തിൽ ഒരു ബഞ്ചിൽ 2 കുട്ടികളെ വീതമാണ് ക്രമീകരിച്ചിട്ടുള്ളത്. 1000 കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ ആകെ കുട്ടികളുടെ 25% മാത്രം ഒരു സമയത്ത് ക്യാമ്പസിൽ വരുന്ന രീതിയിലും, കുട്ടികളുടെ എണ്ണം ക്രമീകരിച്ച് നിയന്ത്രിക്കുന്നതിനായി ഓരോ ക്ലാസ്സിലെയും കുട്ടികളെ ബാച്ചുകളായി തിരിക്കുന്ന രീതിയിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. ഓരോ ബാച്ചിനും തുടർച്ചയായി 3 ദിവസം (വിദ്യാർത്ഥികൾ അധികമുള്ള സ്കൂളുകളിൽ രണ്ട് ദിവസം) സ്കൂളിൽ വരാനുള്ള അവസരം ഒരുക്കും. അടുത്ത ബാച്ച് അടുത്ത മൂന്നു ദിവസമായിരിക്കും സ്കൂളിലെത്തേണ്ടത്. ഒരു ബാച്ചിൽ ഉൾപ്പെട്ട വിദ്യാർത്ഥി സ്ഥിരമായി അതേ ബാച്ചിൽ തന്നെ തുടരേണ്ടതാണ്. ആരോഗ്യ സുരക്ഷാ കാര്യങ്ങൾ സംബന്ധിച്ച് സ്കൂൾ തുറക്കുന്നതിനു മുമ്പ് തന്നെ അദ്ധ്യാപകർ, ഇതര ജീവനക്കാർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. |
| (സി) | ദീർഘകാലമായി അടഞ്ഞ് കിടക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് ഉണ്ടായേക്കാവുന്ന ബലക്ഷയവും | (സി) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം |

| | | | |
|---|---|---|---|
| | ജീവജാലങ്ങൾ കയറി കൂടുന്നത് മൂലം ഉണ്ടായേക്കാവുന്ന അപകടങ്ങളും മുന്നിൽ കണ്ടുകൊണ്ട് കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | | നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./ എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ദീർഘകാലമായി സ്കൂൾ അടഞ്ഞു കിടന്നതിനാൽ ഇഴജന്തുക്കൾ കയറി ഇരിക്കാൻ സാധ്യതയുള്ള ഇടങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അവയുടെ സാന്നിധ്യമില്ലെന്ന് ഉറപ്പ വരുത്തി ആവശ്യമുള്ള തുടർനടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശ സ്വയം ഭരണം) ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് പ്രഥമാദ്ധ്യാ പകർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ